**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3253** **08-10-2025 - ൽ മറുപടിയ്ക്ക്**

**റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പശ്ചാത്തല വികസനത്തിന്റെ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തടസമില്ലാത്ത റോഡ് ശൃംഖല സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ഏറെക്കാലത്തെ സ്വപ്നമായ ദേശീയപാതാ വികസനം സാധ്യമാക്കാനാകുന്നത് റോഡ് കണക്ടിവിറ്റിയിലെ പ്രധാന നേട്ടമാണ്.മലയോര ഹൈവേ-തീരദേശ ഹൈവേ പദ്ധതികൾ കേരളത്തിന്റെ മാത്രം പ്രത്യേകതയായി വിലയിരുത്തുവാൻ പോകുന്ന പദ്ധതികളാണ്.ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ 9 ROB കളും 1 RUB യും പ്രവൃത്തി പൂർത്തീകരിച്ചു. കിഫ്ബി, RKS പദ്ധതികളിൽ ഉൾപ്പെടുത്തി ഡിസൈൻസ് റോഡുകൾ സാധ്യമായി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രധാന ജില്ലാ പാതകളും സംസ്ഥാന പാതകളും ഉൾപ്പെടെ 29573.16 കി.മീ. റോഡുകൾ നിലവിലുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുത്ത്, കൂടുതൽ കാലം ഈട്ടുനിൽക്കുന്ന തരം ഉപരിതല നിർമ്മിതിയായ ബി.എം & ബി.സി ആണ് അവലംബിച്ച് വരുന്നത്. ഏകദേശം 17749.11 കി.മീ റോഡുകൾ ഇത്തരത്തിൽ ബി.എം. & ബി.സി നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുകയും നവീകരിക്കുകയുമായി ചെയ്തിട്ടുണ്ട്. ഏകദേശം 60% റോഡുകളാണ് ഇത്തരത്തിൽ ഉന്നത നിലവാരത്തിൽ നവീകരിച്ചത്. മാത്രമല്ല site condition അനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകളായ cold in place technology, Geo cell, Geo fiber, FDR technology എന്നിവയും ഉപയോഗിച്ച് വരുന്നു. കൂടാതെ വിവിധ ബൈപ്പാസുകളും പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ടൂറിസം, വ്യവസായം എന്നിവയുടെ വളർച്ചയ്ക്ക് റോഡ് വികസനത്തിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ തമ്മിലുള്ള connectivity റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാണ്. പ്രധാന ടൂറിസ്റ്റ്, വ്യവസായ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് സഞ്ചാരയോഗ്യമാക്കി നിലനിർത്തി വരുന്നു. |
| (സി) | കൂടുതൽ ഗ്രാമീണ പാതകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | നിലവിലെ സാഹചര്യം അനുസരിച്ച് ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ